## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2914** **06.11.2019-ൽ മറുപടിയ്ക്ക്**

### ലഹരി മാഫിയ സംഘം നിയന്ത്രിക്കുന്നതിനു നടപടി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് ലഹരി മാഫിയ സംഘം വൻതോതിൽ മാരകായുധങ്ങൾ ശേഖരിക്കുന്നുണ്ടെന്ന വിവരം രഹസ്യാന്വേഷണ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വണ്ടൂരിൽ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർക്ക് നേരെ മയക്കുമരുന്ന് കേസിലെ പ്രതി നാല് റൗണ്ട് വെടി വച്ചത് സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) 2010-ൽ വാറണ്ടുമായി കാളികാവ് സ്റ്റേഷനിലെത്തിയ ഗ്രേഡ് എസ്.ഐ.-യെ മയക്കുമരുന്നു കേസിലെ പ്രതി വെടിവച്ചു കൊന്ന സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) നേരത്തെ അരീക്കോട് എസ്.ഐ.-ക്ക് കുത്തേറ്റതും ലഹരി മാഫിയ സംഘത്തിൽപ്പെട്ട ആളിൽ നിന്നായിരുന്നു എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ഡി) അരീക്കോട് എസ്.ഐ-യ്ക്ക് 10/07/2019-ൽ കുത്തേറ്റത് ലഹരി മാഫിയാ സംഘത്തിൽപ്പെട്ടയാളിൽ നിന്നാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | എങ്കിൽ ഇത്തരം ക്രിമിനലുകളെ ഫലപ്രദമായി നേരിടുന്നതിന് എന്തൊക്കെ ഒരുക്കങ്ങളാണ് എക്സൈസ് വകുപ്പ് നടത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (ഇ) അനധികൃത മയക്കുമരുന്ന് കേസ്സുകളിൽ ഉൾപ്പെടുന്ന ക്രിമിനലുകളെ നേരിടുന്നതിനായി എക്സൈസ് വകുപ്പിൽ എല്ലാ ജീവനക്കാർക്കും മതിയായ അടിസ്ഥാന പരിശീലനം നൽകി വരുന്നതോടൊപ്പം എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് small arms (റിവോൾവർ, പിസ്റ്റൾ) അനുവദിച്ചിട്ടുള്ളതും ഈ ഉദ്യോഗസ്ഥർക്ക് small arms ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം നൽകി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ